No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ NRI ക്വാട്ടാ സീററുകളിലേക്കുള്ള പ്രവേശനം – 2020

## വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2020–21 അധ്യയന വർഷത്തെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ രണ്ടാം ഘട്ട അലോട്ട്മെന്റിനുശേഷം ഒഴിവു വരുന്ന NRI ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതിന് (WPC No. 26619&26757/2020 എന്നീ കോടതിയുത്തരവുകൾ പ്രകാരം) പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റ് (2020) ൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് 10.12.2020 മുതൽ 14.12.2020 10.00 മണി വരെ പുതുതായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കൂടാതെ NRI ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതിന് ഇതിനോടകം അപേക്ഷ നൽകിയിരുന്നെങ്കിലും അപേക്ഷയിലെ ന്യൂനതകൾ മൂലം 19.11.2020 ന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച NRI കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥി കൾക്കും ഒഴിവുള്ള NRI സീറ്റുകളിലേക്ക് പരിഗണിക്കപ്പെടുന്നതിന് നിലവിലുള്ള NRI അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അപ് ലോഡ് ചെയ്യാ വുന്നതാണ്.

NRI ക്വാട്ടയിലൂടെ മെഡിക്കൽ കോഴ്സ് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 22.02.2020 തീയതിയിലെ G.O (Rt)No.375/2020/H&FWd നമ്പർ സർക്കാർ ഉത്തരവിൻ പ്രകാര മുള്ള യോഗ്യതകൾ തെളിയിക്കേണ്ട ആധികാരിക രേഖകൾ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. **NRI** സീറ്റ് താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2020 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ 'Memo details' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. NRI കാറ്റഗറി തെളിയിക്കുന്നതിനായി ഒന്നിലധികം സർട്ടിഫിക്കറ്റുകൾ വേണ്ടതിനാൽ എല്ലാ സർട്ടിഫിക്കറ്റുകളും കൂടി ഒറ്റ PDF ഫയൽ ആക്കിയതിനുശേഷം മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്. NRI ക്വാട്ടാ സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് ഇതിനോടകം സർട്ടിഫിക്കറ്റുകൾ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കു ന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ മാത്രമായി മേൽ പറഞ്ഞ മെനു ഐറ്റം വഴി അപ്‌ലോഡ് ചെയ്യാവുന്നതാണ്.

ബഹു.സുപ്രീം കോടതിയുടെ 23.03.2020ലെ WP(C)No.370വിധി പ്രകാരം കേരളീയേതരായ രണ്ടാം കാറ്റഗറി വിഭാഗക്കാർക്കും (NK-II) ജനനസ്ഥലം പരിഗണിക്കാതെ മേൽപറഞ്ഞ തീയതിക്കുള്ളിൽ NRI സർട്ടിഫിക്കറ്റ് സമർപ്പിക്കാവുന്നതാണ്.

സമയ ബന്ധിതമായി മെഡിക്കൽ/ദന്തൽ പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതിനാൽ മേൽ പറഞ്ഞ തീയതിക്കുള്ളിൽ NRI യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാത്തവരെ NRI കാറ്റഗറിക്ക് പരിഗണിക്കുന്നതല്ല. അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിൽ ഏന്തെങ്കിലും ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനായി വീണ്ടും അവസരം നൽകുന്നതുമല്ല. അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10.12.2020